LIBRARY ARCHIVES Kerala Legislative Assembly

മുതലപ്പൊഴി തുറമുഖത്തെ അപകടമരണങ്ങൾ

286(2323) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി തുറമുഖത്ത് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ എത്ര തൊഴിലാളികൾ മരണപ്പെട്ടു?

മുതലപ്പൊഴി തുറമുഖത്ത് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗത്വമുള്ള 26 മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ദുരന്തത്തിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. മൺസൂൺ കാലയളവിൽ ശക്തമായ കാറ്റിലും തിരയിളക്കത്തിലും മണ്ണ് അടിയുന്നതുമൂലം മത്സ്യബന്ധന യാനങ്ങൾക്ക് അപകടങ്ങൾ സംഭവിക്കുന്നതായി പരാതികൾ ഉയർന്നതിനെത്തുടർന്ന് മെസേഴ്സ് അദാനി പോർട്ട്സ് ഉണ്ടാക്കിയ ധാരണാ പത്രപ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ പ്രവേശന കവാടം, അപ്രോച്ച് ചാനൽ എന്നിവിടങ്ങളിൽ അഞ്ച് മീറ്ററും, ഹാർബർ ബേസിനിൽ മൂന്ന് മീറ്ററും ആഴം വരത്തക്കവിധത്തിൽ മെസേഴ്സ് അദാനി പോർട്ട്സ് മുഖേന ഡ്രഡ്ജിംഗ് നടത്തി ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചെന്നൈ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തെക്കെ പുലിമുട്ടിന്റെ ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് തീരശോഷണം നടക്കുന്ന വടക്കുഭാഗത്ത് സാൻഡ് ബൈപ്പാസിംഗ് നടത്തി നിക്ഷേപിക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണം

287(2324) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണത്തിന് എത്ര രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയത്; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന നടത്തുന്നില്ല. എന്നാൽ തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 1802.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 478 മീറ്റർ തെക്കെപുലിമുട്ട്, 145 മീറ്റർ വടക്കെപുലിമുട്ട്, ലേലപ്പുര, വാർഫ്, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ പൂർത്തിയാക്കി 28-2-2011-ൽ ഹാർബർ കമ്മീഷൻ ചെയ്യുകയുണ്ടായി. പിന്നീട് എൻ.എഫ്.ഡി.ബി പദ്ധതിയിലുൾപ്പെടുത്തി തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി 138 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പഴയ ലേല ഹാളിന്റെയും റിപ്പയർ ഷെഡിന്റെയും നവീകരണം, ഹാർബർ ഒന്നാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുത്തി നിർമ്മിച്ച ലേലപ്പുരയുടെ പടിഞ്ഞാറ് ഭാഗത്ത് കയറ്റുമതി ലക്ഷ്യമിടുന്ന മത്സ്യം കൈകാര്യം ചെയ്യുന്നതിനുമുള്ള സൗകര്യം, പാർക്കിംഗ് സെന്ററിന്റെയും ഓടയുടെയും നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ളത്. തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിനായി ഓഖി പാക്കേജിൽ ഉൾപ്പെടുത്തി നൽകിയ 13.38 കോടി രൂപയുടെ ഭരണാനുമതിയിൽ പുലിമുട്ടിന്റെ സംരക്ഷണത്തിനായുള്ള അറ്റകുറ്റ പ്രവൃത്തികളും മണലടിയുന്ന പ്രവണത കുറയ്ക്കുന്നതിനുമായി പ്രധാന പുലിമുട്ടിൽനിന്നും 250 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനുള്ള ഇനവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) നിർമ്മാണ പ്രവൃത്തികൾ എന്നാണ് ആരംഭിച്ചത്; നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; നിർമ്മാണ കാലാവധി എത്ര വർഷമാണ്; നിർമ്മാണ പുരോഗതി വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പദ്ധതിയുടെ നിർമ്മാണം 18-7-2019-ൽ ആരംഭിച്ചു. ഈ പ്രവൃത്തിയിലുൾപ്പെട്ട തെക്കെ പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരവേ ക്വാറി നിയന്ത്രണംമൂലവും കോവിഡ് നിയന്ത്രണങ്ങൾമൂലവും പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. പ്രവൃത്തിയുടെ കാലാവധി ഒരു വർഷമാണ്. ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിലവിലുള്ള പുലിമുട്ടിന്റെ സംരക്ഷണ പ്രവൃത്തികൾ 70 മീറ്റർ വരെയും പുതുതായി 410 മീറ്റർ നീളത്തിൽ പുലിമുട്ടിന്റെ നിർമ്മാണവും ഇതുവരെ ചെയ്തിട്ടുണ്ട്.

(സി) അശാസ്ത്രീയമായ നിർമ്മാണംമൂലം പോർട്ടിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുന്നില്ലെന്ന മത്സ്യമേഖലയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

തോട്ടപ്പള്ളി ഹാർബർ ബേസിനകത്ത് ക്രമാതീതമായി മണ്ണ് അടിയുന്നതിനാൽ ഹാർബർ പ്രവർത്തനക്ഷമമാക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ പുനെ CWPRS എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനം നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഇപ്പോഴുള്ള തെക്കെപുലിമുട്ടിന്റെ നീളം 420 മീറ്റർ വർദ്ധിപ്പിക്കുന്നതിനും വടക്കെപുലിമുട്ടിൽനിന്നും 300 മീറ്റർ വടക്കോട്ട് മാറി 436 നീളത്തിൽ മറ്റൊരു പുലിമുട്ട് നിർമ്മിക്കുവാനും ശിപാർശ ചെയ്യുകയുണ്ടായി. മേൽപദ്ധതി ഓഖി പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട്. ഇതോടൊപ്പം ബേസിനിൽ അടിഞ്ഞുകൂടിയ മണ്ണ് ഡ്രഡ്ജ് ചെയ്ത് മിനറൽസ് വേർതിരിച്ചെടുക്കുന്നതിന് IREL-ന് അനുമതി നൽകിയിട്ടുണ്ട്. IREL മണ്ണ് ഡ്രഡ്ജ് ചെയ്യുന്നീക്കുന്ന സാഹചര്യത്തിൽ ഹാർബർ ഭാഗികമായി പ്രവർത്തനക്ഷമമായിട്ടുണ്ട്.

തീരശോഷണം പ്രതിരോധിക്കാൻ നടപടികൾ

288(2325) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരശോഷണം വർദ്ധിക്കുന്നതായ സ്ഥിതിവിശേഷം പഠനവിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഫിഷറീസ് വകുപ്പുമുഖേന പഠനവിധേയമാക്കിയിട്ടില്ല. എന്നാൽ ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് അംഗീകൃത ഏജൻസികൾ മുഖേന മാതൃകാപഠനം നടത്താറുണ്ട്. ഇതിൽ ഹാർബർ നിർമ്മിതിമൂലം ഹാർബറിനോട് ചേർന്നുള്ള പ്രദേശത്തെ തീരശോഷണവും പഠന വിധേയമാക്കാറുണ്ട്.

(ബി) തുറമുഖങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യനിർമ്മിതികൾ തീരശോഷണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. തുറമുഖങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യ നിർമ്മിതികൾമൂലം തീരശോഷണത്തിന്റെ തോത് വർദ്ധിപ്പിക്കുമോയെന്നത് സംബന്ധിച്ച് വിശദമായ പഠനങ്ങളിലൂടെ മാത്രമേ കണ്ടെത്താൻ കഴിയുകയുള്ളൂ.